ഉത്തരം

(എ) 38.99 കോടി രൂപ സഹകരണ സംഘങ്ങൾക്ക് കൊടുത്തിട്ടുണ്ട്; ടി ഇനത്തിൽ സർക്കാർ പലിശ ഇളവ് ആനുകൂല്യം സംഘങ്ങൾക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത്.

(ബി) കാർഷിക കടാശ്വാസ പദ്ധതിയിൻകീഴിൽ ഗവൺമെന്റിൽ നിന്നും തുക വാങ്ങിയ സംഘങ്ങളെല്ലാം പ്രസ്തുത ആനുകൂല്യം വായ്പയെടുത്തവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്ന് തുക വാങ്ങി വായ്പക്കാർക്ക് കൊടുക്കാത്ത സംഘങ്ങളെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ വായ്പക്കാരായ അംഗങ്ങളുടെ ക്ഷേമത്തിനും ഗുണത്തിനും വേണ്ടിയുള്ള നടപടികൾ

113 [570] ശ്രീ. വി. ജെ പൗലോസ്:
,, ലൂഡി ലൂയിസ്:
„ എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സുവർണ്ണ ജൂബിലിയാഘോഷിച്ചതെന്നാണ്; അതിനോടനുബന്ധിച്ച് വായ്പക്കാരായ അംഗങ്ങളുടെ ക്ഷേമത്തിനും ഗുണത്തിനും വേണ്ടി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത്;

(ബി) ഈ പരിപാടികളുടെ പ്രയോജനം എത്ര പേർക്ക് കിട്ടും; ഈ പരിപാടികൾ നടപ്പാക്കുന്നതുകൊണ്ട് ബാങ്കിന് എത്ര തുകയുടെ അധിക ചെലവുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സുവർണ്ണജൂബിലി 2006 ജനുവരി 18-ന് ആഘോഷിച്ചു. അതിനോടനുബന്ധിച്ച് വായ്പക്കാരായ അംഗങ്ങളുടെ ക്ഷേമത്തിനായി ഗുഡ് പേ മാസ്റ്റർ പദ്ധതി, സൗജന്യ ഇൻഷ്വറൻസ്, ചികിത്സാ ധനസഹായം, മാതൃകാ കർഷകൻ അവാർഡ്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചു.

(ബി) ഈ പരിപാടികളുടെ പ്രയോജനം ഏതാണ്ട് മൂന്നര ലക്ഷം പേർക്ക് ലഭിക്കും. ഈ പരിപാടികൾ നടപ്പിലാക്കുന്നതിന് 15.05 കോടി രൂപയുടെ അധിക ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കാർഷിക കടങ്ങളുടെ പേരിൽ ജപ്തി നടപടി

114 [571] ശ്രീ. കെ. സുധാകരൻ:
,, എം. എ. വാഹീദ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങളുടെ പേരിൽ ജപ്തി നടപടികളെടുക്കരുതെന്ന് ഗവൺമെന്റ് ഉത്തരവ് നിലനിൽക്കെ അതിനെതിരായി ജപ്തി നടപടികൾ സ്വീകരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly